# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3927

11.11.2019 - ൽ മറുപടിക്ക്

### ആലപ്പുഴ ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.എം.ഷാജി** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിൽ 16.07.2018 ൽ നിലവിൽ വന്ന കാറ്റഗറി നം. 454/2016 പ്രകാരമുള്ള ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്ന് ഒരു വർഷം കഴിഞ്ഞിട്ടും നാമമാത്രമായ നിയമനം മാത്രമേ നടന്നിട്ടുള്ളൂ എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) നിലവിലുണ്ടായിരുന്ന ഒഴിവുകളിൽ നിയമപ്രകാരം പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ട്. സ്റ്റാഫ് നഴ്സ് ഗ്രേഡ് I, ഗ്രേഡ് II അനുപാത തുല്യത വരുത്തിയ ശേഷമുള്ള ഒഴിവുകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) താലൂക്ക് ആശുപത്രികളായി അപ്ഗ്രേഡ് ചെയ്ത ഹരിപ്പാട്, കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ തുടങ്ങിയ ആശുപത്രികളിലും മറ്റു പല ആരോഗ്യ കേന്ദ്രങ്ങളിലും ആവശ്യത്തിന് സ്റ്റാഫ് നഴ്സ് തസ്തിക നിലവിലില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത ആശുപത്രികളിൽ ആവശ്യമായ സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; | (ബി) നിലവിലുള്ള സ്റ്റാഫ് നഴ്സ് തസ്തിക ഉപയോഗിച്ച് കുറ്റമറ്റ രീതിയിൽ സേവനം നൽകി വരുന്നു. ആലപ്പുഴ ജില്ലയിലെ കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ എന്നീ സ്ഥാപനങ്ങൾ ആർദ്രം പദ്ധതിയിൽ താലൂക്ക് തല ആശുപത്രി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ആർദ്രം പദ്ധതി പ്രകാരം കായംകുളം-2, ചെങ്ങന്നൂർ-1 ഉം സ്റ്റാഫ് നേഴ്സിന്റെ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട 14 കുടുംബാരോഗ്യ കേന്ദ്രങ്ങളിലായി 28 സ്റ്റാഫ് നഴ്സിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി 400 സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ആയതിൽ, ആലപ്പുഴ ജില്ലയിലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആലപ്പുഴ ജില്ലയിലെ പല ആരോഗ്യ കേന്ദ്രങ്ങളിലും ഒഴിവുള്ള സ്റ്റാഫ് നഴ്സ് തസ്തികയിൽ പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്താതെ താത്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിയമനങ്ങളുടെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | ആലപ്പുഴ ജില്ലയിൽ സ്റ്റാഫ് നഴ്സ് തസ്തികയിലെ ഒഴിവുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല. |
| (ഡി) | 15.06.2019 ലെ ഇ.ഇ 6-87697/2016/ഡി.എച്ച്.എസ്. നമ്പർ ഉത്തരവ് പ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ്-I തസ്തികയിലേയ്ക്ക് നിരവധി പ്രമോഷൻ നടന്നെങ്കിലും പ്രസ്തുത ഒഴിവുകൾ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്തിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം .വ്യക്തമാക്കുമോ; | (ഡി) | സ്റ്റാഫ് നഴ്സ് ഗ്രേഡ് 1 : ഗ്രേഡ് 2 അനുപാതം നിലനിർത്തുന്നതിനായി 15.06.2019 ലെ ഇ.ഇ 6-87697/2016/ഡി.എച്ച്.എസ്. നമ്പർ ഉത്തരവ് പ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ നിന്നും സ്റ്റാഫ് നഴ്സ് ഗ്രേഡ് 1 തസ്തികയിലേക്ക് പ്രമോഷൻ നടത്തി ജീവനക്കാരെ ജില്ലയിൽ തന്നെ നിലനിർത്തി ഉത്തരവായിരിക്കുന്നതിനാൽ ടി ഉത്തരവ് പ്രകാരം സ്റ്റാഫ് നഴ്സ് തസ്തികയിൽ നിലവിൽ ഒഴിവുകൾ ഉണ്ടായിട്ടില്ല. |
| (ഇ) | ആർദ്രം പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയ്ക്ക് എത്ര സ്റ്റാഫ് നഴ്സ് തസ്തികയാണ് പുതുതായി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നിയമനങ്ങൾ അടിയന്തരമായി നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ഇ) | ആർദ്രം പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ നാളിതുവരെ 45 സ്റ്റാഫ് നഴ്സ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സൃഷ്ടിച്ച സ്റ്റാഫ് നഴ്സ് തസ്തികകളിൽ ജില്ല തിരിച്ചുള്ള സ്ഥാപനങ്ങൾക്ക് വേണ്ടി തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിയമന നടപടികൾ സ്വീകരിക്കുന്നതാണ്. |

Milan

സെക്ഷൻ ഓഫീസർ